"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് -2024 ലെ കേരള പിറവി ദിനത്തോട് അനുബന്ധിച്ച് പരേഡ് നടത്തുന്നതിന് ക്രമീകരണങ്ങൾ ഒരുക്കുന്നതിന് തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.3227/2024/HOME തീയതി,തിരുവനന്തപുരം, 02-11-2024

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 10.10.2024 ലെ സി3-184282/2024/പി.എച്ച്.ക്യൂ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2024 ലെ കേരളപ്പിറവിദിനത്തോടനുബന്ധിച്ച് എസ്.എ.പി പരേഡ് ഗ്രൗണ്ടിൽ വച്ച് നടത്തുന്ന പരേഡിന്റെ സുഗമമായ നടത്തിപ്പിലേക്കും, അടിയന്തിര ക്രമീകരണങ്ങൾ ഒരുക്കുന്നതിനുമായി 3,20,000/- രൂപ ചെലവ് വരുമെന്നും പ്രസ്തുത തുക അനുവദിച്ച് നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശിത കത്തു പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ അപേക്ഷയിലെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, 2024 ലെ കേരള പിറവി ദിനത്തോട് അനുബന്ധിച്ച് പരേഡ് നടത്തുന്നതിന് ക്രമീകരണങ്ങൾ ഒരുക്കുന്നതിന് 3,20,000/- രൂപ (മൂന്ന് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) 2055-00-001-99-00-34-03-N-V എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന്, പ്രസ്തുത ചെലവുകൾ നിലവിലെ ബജറ്റ് പ്രൊവിഷനിൽ നിന്നും പോലീസ് ആസ്ഥാനത്ത് നിന്നും വഹിക്കേണ്ടതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജികുമാർ ജി
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (31.10.2024 ലെ വ്യയം-എ3/563/2024-ധന (2944998) പ്രകാരം).
ഡയറക്ടർ, ഐ&പി.ആർ.ഡി (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Jalaja Kumari M S
Date: 02-11-2024 15:34:11
സെക്ഷൻ ഓഫീസർ